# 'കരിക്കിൻവെള്ളം' നല്കിയ മധുരം



**അനുഭവം**
**ജിനു പതിപ്പള്ളിൽ**

ജീവിതത്തിലിന്നോളം ഞാനറിയാതെപോയ എന്റെ പ്രതിഭാവിലാസത്തെ കണ്ടെത്തിയ ദിനങ്ങളായിരുന്നു അത്. കെ.സി.എസ്.എൽ-ന്റെ സജീവ പ്രവർത്തകനും ഭാരവാഹിയുമൊക്കെ ആയിരുന്ന ഞാൻ ഒട്ടേറെ ക്യാമ്പുകളിലും സെമിനാറുകളിലും പങ്കെടുത്തിട്ടുണ്ടെങ്കിലും അതിൽനിന്നെല്ലാം വ്യത്യസ്തമായ അറിവുകളും അനുഭവങ്ങളും പ്രദാനം ചെയ്ത മൂന്നു ദിനങ്ങൾ.

കെ.സി.എസ്.എൽ. പാലാ രൂപത നടത്തിയ ഷോർട്ട് ഫിലിം മത്സരത്തിൽ ഞാൻ സംവിധാനം ചെയ്ത 'കരിക്കിൻ വെള്ളം' ഒന്നാം സ്ഥാനം നേടുകയുണ്ടായി. ക്യാമറാമാൻ ജോജൻ തോമസിനൊപ്പം എറണാകുളം പി.ഒ.സി. യിൽ സെപ്റ്റംബർ 14, 15, 16 തീയതികളിൽ നടന്ന ലൂമൻ ഷോർട്ട് ഫിലിം ക്യാമ്പിൽ പാലാ രൂപതയെ പ്രതിനിധീകരിച്ചു പങ്കെടുക്കാൻ കഴിഞ്ഞത് 'കരിക്കിൻവെള്ളത്തി'നുള്ള സമ്മാനമായി ഞാൻ കണക്കാക്കുന്നു.

കെ.സി.ബി.സി. മീഡിയ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ത്രിദിനക്യാമ്പിൽ മെക്കാർട്ടിൻ, ജോൺ പോൾ, സിബി വെള്ളൂരാൻ, ജോസഫ് നെല്ലിക്കൽ, ഫാ. ജേക്കബ് കോരോത്ത്, ഫാ. ഡായി കുന്നത്ത് തുടങ്ങിയവർ പകർന്നു നല്കിയ അറിവനുഭവങ്ങൾ ദൃശ്യവിസ്മയങ്ങളുടെ വലിയൊരു ലോകത്തേക്ക് എന്നെ കൈപിടിച്ചുയർത്തി. ആ ക്ലാസ്സുകൾ പകർന്നുനല്കിയ സുന്ദരാനുഭവങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം.

മെക്കാർട്ടിൻ സാർ സ്വജീവിതത്തിൽ സിനിമ ചെലുത്തിയ വൻസ്വാധീനത്തെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് ക്ലാസ് ആരംഭിച്ചത്. സിനിമയിലേക്കു കടന്നുവരാനുള്ള പ്രേരണ പുസ്തകങ്ങളാണു തന്നതെന്നും, തിരക്കഥകൾ വായിച്ചപ്പോഴാണ് ആത്മവിശ്വാസവും ഊർജ്ജവും ലഭിച്ചുതുടങ്ങിയതെന്നുമൊക്കെ അദ്ദേഹം പറഞ്ഞു. അങ്ങനെ പള്ളിയിൽ കുർബാനയ്ക്കും മറ്റും കീബോർഡ് വായിച്ചുനടന്ന ആ മനുഷ്യൻ സിനിമാലോകത്തേക്കു കടന്നുവന്നു. റാഫി-മെക്കാർട്ടിൻ കൂട്ടുകെട്ടിൽ പുറത്തിറങ്ങിയ 'പഞ്ചാബി ഹൗസ്', 'പാണ്ടിപ്പട' തുടങ്ങിയ ജനപ്രിയചിത്രങ്ങൾ ജീവിതമുഹൂർത്തങ്ങളിൽ കണ്ടതും കേട്ടതും മാത്രമാണെന്നും അദ്ദേഹം പറഞ്ഞു.




തിരക്കഥാകൃത്ത് ജോൺ പോൾ സാറിന്റെ ക്ലാസ് രചനയും സംവിധാനകലയും നിർവഹണവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് പറഞ്ഞത്. രംഗസംവിധാനങ്ങളുടെ ശൈലീവിന്യാസത്തിലാണ് സിനിമയുടെ സൗന്ദര്യം. ഷോർട്ട്ഫിലിം, സിനിമ, സീരിയൽ എന്നീ മൂന്നിനങ്ങളിലാണ് ഫിലിം ഇൻഡസ്ട്രി ആസ്വാദകരെ പിടിച്ചിരുത്തുന്നത്. രണ്ടര മണിക്കൂറുകൊണ്ടു പറഞ്ഞുവയ്ക്കുന്ന ആശയത്തെക്കാൾ പത്തുമിനിറ്റുകൊണ്ടു പറയുന്ന ആശയത്തിനാണ് വൻസ്വീകാര്യതയുണ്ടാകുന്നത്.

ഗുഡ്നെസ് ടി.വിയിലെ സിബി വള്ളൂരാൻസാർ സിനിമയിൽ ഒരു സ്പെയ്സ് കിട്ടാൻ താൻ സഹിച്ച കഷ്ടപ്പാടുകൾ വിവരിച്ചുകൊണ്ടാണ് ക്ലാസ് ആരംഭിച്ചത്. ആയിരിക്കുന്നതിൽ അർത്ഥം കണ്ടെത്താനും താൻ ലക്ഷ്യംവച്ചതു നേടിയെടുക്കാൻ എത്രത്തോളം ചെറുതാകണമോ അങ്ങനെയാകാനും പരിശ്രമിച്ചതിന്റെ ഫലമാണ് തന്റെ ജീവിതത്തിന്റെ നേട്ടവും സന്തോഷവുമെന്ന് അദ്ദേഹം അഭിമാനത്തോടെ പറഞ്ഞു.

എന്നെ ഏറെ സ്വാധീനിച്ച ഒരു ക്ലാസ്സായിരുന്നു കലാസംവിധായകനായ ജോസഫ് നെല്ലിക്കൽ സാറിന്റേത്. സിനിമയിലെ ഓരോ സീനും പ്രധാനപ്പെട്ടതാണ്. അവിടെ സൗന്ദര്യം നിറയ്ക്കുന്ന ജോലിയാണ് സംവിധായകന്റേത്. ദൈവത്തിന്റെ അദ്ഭുതകരമായ ഇടപെടൽമൂലം സ്വന്തം ജീവിതത്തിലുണ്ടായ പരിവർത്തനങ്ങളെപ്പറ്റി സാർ പറഞ്ഞത് ഏറെ പ്രചോദനാത്മകമായി. ഹോട്ടൽ മാനേജ്മെന്റ് പഠിച്ചു ജോലി ചെയ്യുന്നതിനിടയിൽ ജീസസ് യൂത്തിന്റെ ഒരു പ്രോഗ്രാമിൽ പങ്കെടുത്തതാണ് വഴിത്തിരിവുണ്ടാക്കിയത്. അന്നുമുതൽ തന്റെ കഴിവുകൾ ഈശോയ്ക്കു സമർപ്പിച്ചുതുടങ്ങിയപ്പോൾ ദൈവം ഉയരാനുള്ള ധാരാളം അവസരങ്ങൾ നല്കിയെന്ന് സാർ വികാരാവേശത്തോടെ പറഞ്ഞു. ഇന്ന് എഴുപതോളം ചിത്രങ്ങൾ കലാസംവിധാനം ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു. മീശമാധവൻ, പുലിമുരുകൻ തുടങ്ങിയവയൊക്കെ ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ചിത്രങ്ങളാണ്.

ഫാ. ജേക്കബ് കോരോത്ത്, ഫാ. ഡായി കുന്നത്ത് എന്നിവർ സിനിമയെക്കുറിച്ചുള്ള തങ്ങളുടെ പഠനാനുഭവങ്ങൾ അക്കാദമിക് സ്വഭാവത്തോടെ അവതരിപ്പിച്ചു. ഒരു സിനിമയുടെ നട്ടെല്ലു തിയേറ്ററാണ്. സിനിമയ്ക്ക് ഒരു താളമുണ്ട്. ആ താളം എന്നു നഷ്ടമാകുന്നുവോ അവിടെ സിനിമ തകരുകയാണ്. ഒരു സിനിമയുടെ സംവിധാനനിർവഹണത്തിനായി നീണ്ട കാത്തിരിപ്പും അധ്വാനവും ആവശ്യമാണ്. അങ്ങനെയാണ് അത് കണ്ണിനും കാതിനുമപ്പുറത്തേക്ക്, മനസ്സിനെ സ്പർശിക്കുന്ന ഒരു ചൈതന്യവിശേഷമായി മാറുന്നത്. എത്ര കണ്ടാലും വീണ്ടും കാണണമെന്നു തോന്നുന്നത് അതു മനസ്സിനെ പിടിച്ചുകുലുക്കിയതുകൊണ്ടാണ്. ആ കഥയും കഥാപാത്രങ്ങളും എന്നെന്നും മനസ്സിൽ പച്ചകെടാതെ ജീവിക്കുകയും ചെയ്യും.

പി.ഒ.സി. യിലെ മൂന്നു ദിനങ്ങൾ വളരെ വേഗമാണു കടന്നുപോയത്. സിനിമാലോകത്തെക്കുറിച്ചുള്ള ഒരുപാടു നൂതനാറിവുകൾ പ്രദാനം ചെയ്ത ആ ദിവസങ്ങൾ, മറക്കില്ലൊരിക്കലും. നന്ദി...

*ലേഖകൻ ആലുവ ഭാരതമാതാ സ്കൂൾ ഓഫ് ലീഗൽസ്റ്റഡീസിൽ ഒന്നാം വർഷ വിദ്യാർത്ഥിയാണ്.*

# അവൾ എന്നും സുരക്ഷിതയാണ്



**അൽബിൻ ജിജോ**

സഭാമാതാവിന്റെ ചാരിത്രശുദ്ധിക്കു വില പറയുന്ന പൈശാചികശക്തികൾക്കുനേരേ സന്ധിയില്ലാത്ത സമരം പ്രഖ്യാപിക്കാനായി ദൈവം സൃഷ്ടിച്ച ഒരു തലമുറയാണു നാമെന്നു വിസ്മരിക്കരുത്. "വിശുദ്ധരോടു പടപൊരുതി അവരെ കീഴ്പ്പെടുത്താൻ അതിന് അനുവാദം നല്കി" (വെളി 13:7). സാത്താനു ഭൂമിയിൽ പ്രവർത്തിക്കാനുള്ള അനുവാദം ലഭിച്ചതുമുതൽ, അവൻ ബുദ്ധികൂർമ്മതയോടെ സഭയെ പീഡിപ്പിക്കുന്നു. "ഭൂമിയേ, സമുദ്രമേ, നിങ്ങൾക്കു ദുരിതം! ചുരുങ്ങിയ സമയമേ അവശേഷിക്കുന്നുള്ളു എന്നറിഞ്ഞ് അരിശംകൊണ്ടു പിശാചു നിങ്ങളുടെ അടുത്തേക്ക് ഇറങ്ങിയിട്ടുണ്ട്" (വെളി 12:12).

ദൈവജനത്തിന്റെ രക്ഷയാണ് പിശാചിന്റെ തലവേദന. അതുകൊണ്ട്, എറിയപ്പെട്ടിടത്തുനിന്ന് അവൻ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇത് ഇന്നല്ല, പണ്ടുമുതൽ ആരംഭിച്ചതുതന്നെയാണ്. എന്നാൽ അവന്റെ പണികൾക്ക് ഇന്നു വേഗമേറുന്നു.

എന്നും നീതിക്കുവേണ്ടി പോരടിച്ച ചരിത്രമാണു സഭയ്ക്കുള്ളത്. ഇനിയും അങ്ങനെതന്നെ. കൂദാശകളിലൂടെ, കാൽവരിയുടെ മാറിൽ കുത്തിപ്പിളർക്കപ്പെട്ട ജീവരക്തത്താൽ നമ്മെയെല്ലാം ഉർവരതയാൽ നിറയ്ക്കുന്ന ആ ജീവനാഥന്റെ രക്തത്തിനു മൂല്യം നൽകാത്തവരാണ് കൂദാശകൾക്കെതിരേ സംസാരിക്കുന്നത്. അജ്ഞാനം ഉപേക്ഷിച്ചാൽ മാത്രമേ, ആ രക്തത്തിന്റെ വിലയറിയൂ.

വിശ്വാസികൾ സഭയുടെ അഭിവൃദ്ധിക്കു മാറ്റു വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതായുണ്ട്. രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കപ്പെട്ട സഭയ്ക്കുണ്ടാകുന്ന അധിക്ഷേപങ്ങളും പരിഹാസങ്ങളും അട്ടഹാസങ്ങളും ഉയിർപ്പിന്റെ ശോഭ വർദ്ധിപ്പിക്കും. കാരണം, ക്രിസ്തു ഇതെല്ലാം സഹിച്ചവനായിരുന്നു. പക്ഷേ, മൂന്നാം ദിനം ഉത്ഥിതനായപ്പോൾ ലോകത്തിന്റെ അന്ധകാരശക്തികൾ പരാജയപ്പെട്ടു. അതുപോലെ സഭയും വിജയിക്കുന്ന ദിനം സംജാതമാകും. പുതിയ ആകാശവും പുതിയ ഭൂമിയും സ്വപ്നം കാണുന്ന സഭയുടെ പഥയാത്രയിൽ, അവൾ വളരുന്നത് ഇത്തരം പ്രശ്നങ്ങളിൽ നിന്നാർജ്ജിക്കുന്ന കരുത്തുകൊണ്ടാണ്.

ക്രൈസ്തവയുവജനങ്ങൾ ഇന്ന് ഉണരേണ്ടിയിരിക്കുന്നു. തീക്ഷ്ണമായ യുവത്വത്തിന് അനേകം മാറ്റങ്ങൾ സൃഷ്ടിക്കാനാവും. അന്ധകാരത്തിന്റെ അധീശശക്തികളെ ശിഥിലമാക്കാനുള്ള തന്റേടം നാം ആർജ്ജിക്കണം.

സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്. അവൾ എന്നും സുരക്ഷിതയാണ്. അവൾ തീരമണയുമെന്ന കാര്യം സുനിശ്ചിതം. കാരണം, കാറ്റും കോളും അവളുടെ നാഥനുമുന്നിൽ ശാന്തമാകും. എല്ലാറ്റിന്റെയും നാഥൻ അവൻ മാത്രമാണ്. പരി. കന്യകാമറിയവും ശ്ലീഹന്മാരും രക്തസാക്ഷികളും വിശുദ്ധരും പണിതുയർത്തിയ അവളുടെ ശരീരത്തിൽ എന്നെന്നും നിലനില്ക്കുന്ന ആ ശിരസിന്റെ നേരേ നിന്നു നോക്കാനുള്ള ചങ്കൂറ്റം ഉള്ളവർ ഉണ്ടോ? ദൈവത്തിന്റെ വഴികൾ അഗ്രാഹ്യമാണ്. അവന്റെ പദ്ധതികൾ നിഗൂഢമാണ്. പക്ഷേ, ഇതെല്ലാം ക്ഷേമത്തിനുവേണ്ടിത്തന്നെ.

സഭയുടെ യാത്ര അവസാനിക്കുന്നില്ല. അവൾ യാത്ര തുടരുകയാണ്, അവളുടെ നാഥനോടൊപ്പം.

*ലേഖകൻ രാമപുരം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ്ടു വിദ്യാർത്ഥിയാണ്*

## ഞങ്ങളുടെ രചനകൾ



VARSHA KAPPEN
IX D, St. Mary's GHSS Pala



GOURI V. BINOY
VIII B, St. Mary's GHSS Pala

## കടങ്കവിതകൾ

ഉരുണ്ടവനുടഞ്ഞാൽ
രണ്ട്!
ഉടഞ്ഞവനുണങ്ങിയാൽ
നാല്!

**കെ.ടി. മാത്യു**

*(ഉത്തരം: തേങ്ങ)*

കുരുവില്ലാത്തൊരു പഴമാണേ
തൊലിയില്ലാത്തൊരു പഴമാണേ
ചോക ചോക ചോന്നൊരു പഴമാണേ
ആരും തിന്നാപ്പഴമാണേ!

**പുത്തൻവേലിക്കര സുകുമാരൻ**

*(ഉത്തരം: തീക്കനൽ)*